*സൗജന്യം കൊടുക്കുന്നത് സംബന്ധിച്ച്*

## ***സ്മാർട്ട് സിറ്റി***

സ്മാർട്ട് സിറ്റി കരാർ അനുസരിച്ച് ഒരു സൗജന്യവും ഗവൺമെന്റ് നല്കുന്നില്ലെന്നാണ് മുഖ്യമന്ത്രി എനിക്കു നല്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. അസംബ്ളിയിലും അതുതന്നെയാണ് പറഞ്ഞിട്ടുള്ളത്.

എന്നാൽ ടികോമിനു നല്കുന്ന സ്ഥലത്തിനു ഈടാക്കുന്ന പാട്ടതുകയായ 104 കോടിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുവാൻ മുഖ്യമന്ത്രി അന്ന് തയ്യാറായില്ല. പക്ഷേ ചില ചോദ്യങ്ങൾക്ക് അസംബ്ളിയിൽ നല്കിയ ഉത്തരത്തിൽ നിന്നും സൗജന്യം ഇല്ലെന്നുള്ള വാദത്തിന്റെ സത്യാവസ്ഥ പുറത്തായിരിക്കുന്നു.

1) സ്ഥലവാസികളിൽ നിന്നും അക്വയർ ചെയ്യുന്ന സ്ഥലത്തിന്റെ വില 74 കോടി രൂപാ എന്ന് വെളിപ്പെടുത്തിയിട്ടുണ്ട് (ചോദ്യം നമ്പർ 57-ബി, Annexure 1) (പക്ഷേ പുനരധിവാസത്തിന്റെ പാക്കേജിന്റെ ചിലവും സ്ഥലവാസികൾ കോടതിയെ സമീപിക്കുന്നപക്ഷം കൊടുക്കേണ്ടി വരുന്ന അധിക തുകയും കൂടി കൂട്ടിയാൽ കുറഞ്ഞത് 100 കോടി രൂപ എങ്കിലും 136 ഏക്കറിനു വേണ്ടി വരും)

2) കെ.എസ്.ഇ.ബി.യുടെ 100 ഏക്കറിന്റെ വില സംബന്ധിച്ച് -

3 വർഷം മുമ്പ് യു.ഡി.എഫ് ഗവൺമെന്റ് സെന്റിന് 20000 രൂപാ വച്ച് 20 കോടി രൂപ ഇതിന്റെ മൂല്യമായി നിശ്ചയിച്ചതാണ്. ശ്രീ വി.എസ്. അച്യുതാനന്ദനാകട്ടെ ഏക്കറിന് 3.5 കോടി രൂപ വച്ച് 350 കോടി രൂപയാണ് രണ്ടു വർഷം മുമ്പ് നിശ്ചയിച്ചത്. യു.ഡി.എഫ്. ഈ സ്ഥലം ടീകോമിന് ചുളുവിൽ കൊടുക്കുകയാണെന്നും അതിൽ അഴിമതി ഉണ്ടെന്നും ആരോപിച്ചിരുന്നു. 3 വർഷം കൊണ്ട് ഈ സ്ഥലത്ത് മൂന്നിരട്ടി വില വർദ്ധിച്ചതായി ഗവൺമെന്റ് തന്നെ സമ്മതിച്ചിട്ടുണ്ട്. Infopark-ൽ യു.ഡി.എഫ്. 2004-ൽ സെന്റിനു 24000 രൂപയ്ക്കു നല്കിയ സ്ഥലം 2006 ഡിസംബറിൽ 69000 രൂപയ്ക്കാണ് ഈ സർക്കാർ നല്കിയത് (ചോദ്യം നമ്പർ 73-സി, Annexure 2)

കെ.എസ്.ഇ.ബി.യുടെ 100 ഏക്കർ ഭൂമിക്ക് ഇപ്പോൾ 7.57 കോടി രൂപ മാത്രമാണ് ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്. (ചോദ്യം നമ്പർ 60-ബി, Annexure 3)

എന്നാൽ കെ.എസ്.ഇ.ബി. 100 കോടി രൂപയാണ് ഈ സ്ഥലത്തിന് ആവശ്യപ്പെടുന്നത്. 70 കോടി രൂപാ ലഭിക്കുവാൻ എല്ലാവിധത്തിലും അർഹത ഉണ്ടെന്ന് 2006 ഡിസംബറിൽ ഇറക്കിയ ഉത്തരവിൽ പറയുന്നു. (Annexure-4. KSEB Order )

Kinfra യുടെ 10 ഏക്കർ ഭൂമിക്ക് 3.05 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ഇത് ഇപ്പോഴത്തെ കമ്പോള വില അല്ലെന്നും ഗവൺമെന്റ് സമ്മതിക്കുന്നു. (ചോദ്യം നമ്പർ 60-എഫ്, Annxure 3).

100 കോടി രൂപ വിലവരുമെന്ന് കെ.എസ്.ഇ.ബി. നിശ്ചയിച്ച അവരുടെ സ്ഥലത്തിന് സർക്കാർ 7.57 കോടി രൂപയും Kinfra യുടെ 10 ഏക്കറിനു 3.05 കോടി രൂപയും വിലയിട്ടിട്ട് ഞങ്ങൾ സൗജന്യം കൊടുക്കിന്നില്ല എന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുന്ന ഗവൺമെന്റ് കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുകയാണ്.

ശ്രീ വി.എസ്. അച്യുതാനന്ദൻ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ 385 കോടി രൂപ വിലയുണ്ട് എന്ന് അദ്ദേഹം തന്നെ പ്രഖ്യാപിച്ച അതേ 110 ഏക്കർ സ്ഥലം 3 കൊല്ലങ്ങൾക്കു ശേഷം അദ്ദേഹം മുഖ്യമന്ത്രി ആയിരിക്കുമ്പോൾ 10.62 കോടി രൂപയ്ക്കു നല്കിയിട്ട് സൗജന്യം ഇല്ലെന്നു പറയുമ്പോൾ കേരളത്തിലെ ജനങ്ങൾ തീരുമാനിക്കും യാഥാർത്ഥ്യം എന്തെന്ന്.

ശ്രീ വി.എസ്.അച്യുതാനന്ദൻ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ ഈ സ്ഥലത്തിനു എന്തുവില നിശ്ചയിച്ചിരുന്നു എന്ന ചോദ്യത്തിന് '2005-ൽ അന്നത്തെ പ്രതിപക്ഷ നേതാവ് ഈ ഭൂമിയുടെ വില സംബന്ധിച്ച് പ്രസ്താവിച്ച രേഖകൾ ലഭ്യമല്ല എന്ന മറുപടിയാണ് തന്നിരിക്കുന്നത് (ചോദ്യം നമ്പർ 60-സി, Annxure-3)

താൻ നടത്തിയ പ്രസ്താവനകൾ തനിക്കു തന്നെ അറിയില്ല എന്നും അതിന്റെ രേഖകൾ ഒന്നും തന്റെ കൈവശം ഇല്ലായെന്നും അദ്ദേഹം തന്നെ പറയുന്നു. ദേശാഭിമാനിയിൽ അദ്ദേഹം എഴുതിയ ഈ കാര്യങ്ങൾ പുസ്തക രൂപേണ വിറ്റഴിക്കപ്പെട്ടതുമാണ് ( Annexure 5 ) സൗജന്യം ഇല്ലെന്നു വരുത്തി തീർക്കുവാൻ നടത്തുന്ന ഈ മലക്കം മറിച്ചിലുകൾ അപഹാസ്യമാണ്.

12% Freehold നടക്കുന്ന ഭൂമിക്കും പ്രത്യേക വില ഈടാക്കുന്നില്ല.

യു.ഡി.എഫ്. കാലത്തു ടീകോമിനു നല്കിയ സൗജന്യം 100 ഏക്കറിന്റെ 20 കോടി രൂപയും, 136 ഏക്കർ അക്വയർ ചെയ്യുമ്പോൾ വരുന്ന അധിക തുകയായ 26 കോടി രൂപയും കൂടി 46 കോടി രൂപ ആയിരുന്നു.

സൗജന്യം കൊടുക്കുന്നില്ല എന്ന് ആവർത്തിച്ചു പ്രഖ്യാപിക്കുന്ന എൽ.ഡി.എഫ്.ന്റെ കാലത്തെ സൗജന്യം എത്രയെന്ന ഈ മറുപടികളിൽ നിന്നും ഉത്തരം നല്കാതെയുള്ള ഒഴിഞ്ഞുമാറ്റത്തിൽ നിന്നും മനസ്സിലാക്കാവുന്നതേയുള്ളൂ.